# പാലച്ചുവടിൽ ഒരു സ്നേഹതീരം

ചങ്ങനാശ്ശേരി: 'ബുദ്ധിമാന്ദ്യം രോഗമല്ല, ഒരവസ്ഥയാണ്'. മാടപ്പള്ളി നാലുന്നാക്കൽ പാലച്ചുവടിലുള്ള 'തീരം' എന്ന സ്നേഹവസതിയിൽ ഇങ്ങനെ എഴുതിവച്ചിരിക്കുന്നു. അക്ഷരങ്ങളിൽ മാത്രമല്ല, ഈ തത്ത്വം ഇവിടെ പ്രവൃത്തിപഥത്തിലുമാണ്. പുതുപ്പള്ളി, കുറിച്ചി, മാടപ്പള്ളി, വാകത്താനം, തോട്ടയ്ക്കാട് ഗ്രാമപ്പഞ്ചായത്തുകളിലെ നിർധനകുടുംബങ്ങളിലെ ബുദ്ധിമാന്ദ്യം സംഭവിച്ച 60 ബാല്യങ്ങൾ ഇവിടെ വിദ്യാഭ്യാസം നേടുന്നു. ജന്മനാ കേഴ്‌വിയും സംസാരശേഷിയും നഷ്ടപ്പെട്ട് അൻപതുശതമാനത്തോളം ബുദ്ധിമാന്ദ്യമുള്ള സന്തോഷ് (19) മുതൽ മിമിക്രി അവതരിപ്പിക്കുന്ന ശരുൺ വരെ ഇവിടെയുണ്ട്.

'ഈ സ്ഥാപനം സമൂഹത്തിന്റെ ഭാഗമാണ്. മറ്റുള്ളവരുടെ സ്നേഹത്തണലിലാണ് തീരം പരിപാലിക്കുന്നത്' – സ്ഥാപനത്തിന്റെ ഡയറക്ടറായ വൈദികൻ ഡോ.കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പ പറഞ്ഞു. യാക്കോബായ സഭ നിരണം ഭദ്രാസനാധിപൻ ഡോ.ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ചെയർമാനായുള്ള സമിതിയിൽ പ്രൊഫസർമാരായ പി.രാധിക, എസ്.എൻ.പിള്ള തുടങ്ങിയവരും ഉൾപ്പെടുന്നുണ്ട്. വാകത്താനം ഗ്രാമപ്പഞ്ചായത്ത് മെമ്പർ ഷിനു എബ്രഹാമും ഇവിടത്തെ കൂട്ടുകാരനാണ്.



മാടപ്പള്ളി നാലുന്നാക്കൽ പാലച്ചുവടിലുള്ള 'തീരം' എന്ന കേന്ദ്രത്തിൽ ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കൊപ്പം ഡയറക്ടർ ഡോ.കുര്യാക്കോസ് കോർ എപ്പിസ്കോപ്പ.

പാവപ്പെട്ട കുട്ടികളിൽ നിന്ന് ഒരുരൂപപോലും പ്രതിഫലം വാങ്ങാതെ പകൽ മുഴുവൻ പരിപാലിക്കപ്പെടുന്ന തീരത്തിന് ഇവരെ വീടുകളിൽ നിന്ന് കൊണ്ടുവരാനും തിരികെ യാത്രയാക്കാനും വാഹനങ്ങൾ ഉണ്ട്. രാവിലെയും ഉച്ചയ്ക്കും കുട്ടികൾക്ക് ഭക്ഷണവും നൽകും. തയ്യൽ, പേപ്പർബാഗ് നിർമ്മാണം, ചിത്രരചന, നൃത്താഭ്യാസം തുടങ്ങിയുള്ള പ്രവർത്തനങ്ങളാൽ ഓരോ ദിവസവും തീരം സജീവമാകുന്നു.

മറ്റൊരു ലോകബുദ്ധിമാന്ദ്യദിനംകൂടി കടന്നുവരുമ്പോൾ അവർ പോലും അറിയുന്നില്ല അവർക്കും ഒരുദിവസമുണ്ടെന്ന്.

മാതൃഭൂമി, 2007 ഡിസംബർ 8